ഹദീസ്

**അബ്ദുർറഹ്മാൻ ചെറുവാടി**
archeruvadi11@yahoo.com

# വിശ്വാസിയും ധിക്കാരിയും മരണത്തെ അഭിമുഖീകരിക്കുമ്പോൾ

عَنْ عُبَادَةَ بْنِ الصَّامِتِ ، عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : " مَنْ أَحَبَّ لِقَاءَ اللَّهِ أَحَبَّ اللَّهُ لِقَاءَهُ، وَمَنْ كَرِهَ لِقَاءَ اللَّهِ كَرِهَ اللَّهُ لِقَاءَهُ ". قَالَتْ عَائِشَةُ، أَوْ بَعْضُ أَزْوَاجِهِ : إِنَّا لَنَكْرَهُ الْمَوْتَ، قَالَ : " لَيْسَ ذَاكِ، وَلَكِنَّ الْمُؤْمِنَ إِذَا حَضَرَهُ الْمَوْتُ بُشِّرَ بِرِضْوَانِ اللَّهِ وَكَرَامَتِهِ، فَلَيْسَ شَيْءٌ أَحَبَّ إِلَيْهِ مِمَّا أَمَامَهُ، فَأَحَبَّ لِقَاءَ اللَّهِ، وَأَحَبَّ اللَّهُ لِقَاءَهُ، وَإِنَّ الْكَافِرَ إِذَا حُضِرَ بُشِّرَ بِعَذَابِ اللَّهِ وَعُقُوبَتِهِ، فَلَيْسَ شَيْءٌ أَكْرَهَ إِلَيْهِ مِمَّا أَمَامَهُ كَرِهَ لِقَاءَ اللَّهِ، وَكَرِهَ اللَّهُ لِقَاءَهُ ". (البخاري - 6507)

**ഉബാദതുബ്നു സ്വാമിത്തി(റ)ൽനിന്ന്: നബി (സ) പറഞ്ഞു: "അല്ലാഹുവിനെ കാണാൻ ഇഷ്ടപ്പെടുന്നവനെ കാണാൻ അല്ലാഹുവിനും ഇഷ്ടമാണ്. അല്ലാഹുവിനെ കണ്ടുമുട്ടുന്നത് വെറുക്കുന്നവനെ കാണുന്നത് അല്ലാഹുവിനും വെറുപ്പാണ്." ആഇശ (റ), അല്ലെങ്കിൽ അവിടുത്തെ പത്നിമാരിലൊരാൾ പറഞ്ഞു: "മരണത്തെ ഞങ്ങളും വെറുക്കുന്നുണ്ടല്ലോ." അവിടുന്ന് പറഞ്ഞു: "അതല്ല കാര്യം; മരണാസന്നനായ വിശ്വാസിക്ക് അല്ലാഹുവിന്റെ സംതൃപതിയെ പറ്റിയും ഔദാര്യത്തെ പറ്റിയും സുവാർത്ത ലഭിക്കും. അപ്പോൾ തന്റെ മുമ്പിലുള്ളതിനേക്കാൾ അവന് ഇഷ്ടപ്പെട്ട യാതൊന്നുമുണ്ടാവുകയില്ല. അങ്ങനെ അല്ലാഹുവിനെ കാണാൻ അവൻ കൊതിക്കും. അവനെ കാണാൻ അല്ലാഹുവും കൊതിക്കും. എന്നാൽ ഒരു കാഫിർ മരണാസന്നനായാൽ അവന്നും അല്ലാഹുവിന്റെ ശിക്ഷയെയും പീഡനത്തെയും പറ്റി 'സുവാർത്ത' ലഭിക്കും. അപ്പോൾ തന്റെ മുമ്പിലുള്ളതിനേക്കാൾ അവന് വെറുപ്പുള്ള യാതൊന്നുമുണ്ടാവുകയില്ല. അങ്ങനെ അല്ലാഹുവിനെ കാണുന്നത് അവൻ വെറുക്കും, അവനെ കാണുന്നത് അല്ലാഹുവും വെറുക്കും" (ബുഖാരി: 6507).**

അല്ലാഹുവിനെ കാണുക എന്നാൽ അവന്റെ അടുത്തേക്ക് മടങ്ങുക, അവന്റെ പക്കലുള്ളത് നേടുക എന്നാണ്. അത് സമാഗതമായി എന്ന ആന്തരികജ്ഞാനം ജീവിതാന്ത്യത്തിൽ വിശ്വാസിക്ക് ഉണ്ടാവും. ഈ കടവൊന്ന് വേഗം കടക്കാനായെങ്കിൽ! വൈകുന്ന ഓരോ മാത്രയും യുഗങ്ങളായി അവന് തോന്നും. തന്റെ വിശ്വാസിയായ അടിമയെ വരവേൽക്കാൻ സർവേശ്വരനായ അല്ലാഹുവിനും സന്തോഷം. കനിവും പരിഗണനയും പാപമോചനവും കൊണ്ട് അവൻ തന്റെ അടിമക്ക് ചുവന്ന പരവതാനി വിരിക്കും. വഴിനീളെ സംതൃപ്തിയുടെ പൂവിതളുകൾ വിതറി അലങ്കരിക്കും. അതോടെ അടിമ ദുൻയാവ് മറന്നുപോവും. പരലോക വരവേൽപ്പുകളിൽ നിർവൃതിയോടെ അലിഞ്ഞുചേരും.

എന്നാൽ നേരെമറിച്ചാണ് അവിശ്വാസിയുടെ അന്ത്യം. തനിക്ക് എത്തിച്ചേരാനുള്ള സങ്കേതത്തെപ്പറ്റി, വിടപറയാൻ നേരം അവന്നും കിട്ടുന്നു വെളിപാട്. ജീവിതം പാപവഴിയിൽ ഹോമിച്ചതിന്റെ കരിമ്പുക പരന്നിരുണ്ട അന്തരീക്ഷം. ദൈവധിക്കാരം തീർത്ത തീക്കാറ്റിന്റെ ഭീകരാരവം. മുന്നിൽ കാണുന്ന കുടുസ്സുവഴിയിൽ ഒഴുകിപ്പരക്കുന്ന ലാവാഗ്നി. ആടിനെ വെള്ളത്തിലേക്ക് ഇറക്കുമ്പോഴെന്ന പോലെ പിന്നോട്ടു പിന്നോട്ട് വലിയുകയാണ് നിഷേധി. ഒരിക്കലും ഒരടി പോലും മുന്നോട്ടു വെക്കുന്ന പ്രശ്നമില്ലെന്ന് അവന്റെ മനസ്സ്. അത്തരമൊരുത്തനെ നീതിമാനായ നാഥനെന്തിനു കടാക്ഷിക്കണം! രോദനങ്ങൾക്കെന്തിനു ചെവികൊടുക്കണം! ശിക്ഷയുടെ ചമ്മട്ടിയായി അല്ലാഹുവിന്റെ ശാപവും വെറുപ്പുമാണ് അവനെ വരവേൽക്കുന്നത്.

വിശ്വാസി അല്ലാഹുവിനെ കാണാൻ അതിരറ്റു കൊതിക്കുകയും നിഷേധി വെറുക്കുകയും ചെയ്യുന്ന സന്ദർഭം ഇതാണ്. അഥവാ മരണം സുനിശ്ചിതവും അവധികൽപിതവുമായ സത്യമാണ്. അവിടെ വിശ്വാസിയെന്നോ നിഷേധിയെന്നോ ഭേദമില്ല. എന്നാൽ ജീവിതനിലപാടിനനുസരിച്ചായിരിക്കും അവന്റെ മരണവേളയിലെ സന്തോഷവും സങ്കടവുമെന്നാണ് ആഇശ(റ)യുടെ സംശയം നിവാരണം ചെയ്തുകൊണ്ട് പ്രവാചകൻ വിശദീകരിച്ചത്. സച്ചരിതനായ വിശ്വാസിക്ക് മുന്നിലെ സൗഭാഗ്യങ്ങൾ ഓടിച്ചെന്ന് വാരിപ്പുണരണം. ധിക്കാരിയായ നിഷേധിക്ക് പിന്തിരിഞ്ഞോടി ഏതെങ്കിലും ലായത്തിലൊളിക്കണം. പക്ഷേ, 'എല്ലാവരും മരണത്തിന്റെ രുചി അറിയും. പിന്നെ നിങ്ങളെയൊക്കെ നമ്മുടെ അടുത്തേക്ക് തിരിച്ചുകൊണ്ടുവരും' (*ആലുഇംറാൻ*: 185).

സർവരും ഭയക്കുന്ന, എന്നാൽ ഏവർക്കും ഉറപ്പുള്ള സത്യമാണ് മരണം. ശരീരകോശങ്ങളുടെ ചലനം നിലച്ചുപോവലാണ് മരണമെന്ന് ശാസ്ത്രം. ചലനമാണ് ജീവിതമെങ്കിൽ കനപ്പും തണുപ്പുമുള്ള നിശ്ചലാവസ്ഥയാണ് മരണം. മറ്റൊരു വിധത്തിൽ ആത്മാവിന് ശരീരവുമായുള്ള ബന്ധം വേർപ്പെടുന്നതാണ് മരണം. ആത്മാവിന്റെയെന്ന പോലെ മരണത്തിന്റെയും യാഥാർഥ്യം എന്നും നമുക്ക് അജ്ഞാതമാണ്. മരിച്ച ഒരാളുടെ ശരീരത്തിൽ ചലനമില്ല എന്നതല്ലാത്ത വേറെ മാറ്റങ്ങളൊന്നും ഉടനെയുണ്ടാവുന്നില്ല. ഗ്രാമീണനായ ഒരു അറബി, യാത്രക്കിടെ വീണുപോയ തന്റെ ഒട്ടകത്തോട് നടത്തുന്ന സംഭാഷണം ഇമാം ഖുർത്വുബി എടുത്തെഴുതിയതിങ്ങനെയാണ്:

'ഒട്ടകത്തിനു ചുറ്റും അയാളൊന്നു കറങ്ങി, പിന്നെ ആലോചിച്ചു, എന്താണ് പറ്റിയത്! പിന്നെ ചോദ്യശരങ്ങളായി: നീ ഉണർന്ന് എഴുന്നേൽക്കാത്തതെന്ത്? നിന്റെ അവയവങ്ങൾ സുരക്ഷിതങ്ങളാണല്ലോ? കൈകാലുകൾക്ക് ഒരു കുഴപ്പവുമില്ലല്ലോ! നിനക്കിതെന്തു പറ്റി? നേരത്തെ നിന്നെ എഴുന്നേൽപിച്ചിരുന്നതും ഉണർത്തിയിരുന്നതും ആരാണ്? ഇപ്പോൾ നിന്നെ വീഴ്ത്തിയത് ആരാണ്? ആരാണ് നിന്റെ അനക്കങ്ങൾ തടയുന്നത്? ഒട്ടകത്തിന്റെ കാര്യം ഓർത്തും അത്ഭുതപ്പെട്ടും അയാൾ നടന്നകന്നു!' (അത്തദ്കിറ).

ഒന്നാലോചിച്ചാൽ ഇതിലപ്പുറം മരണത്തെപ്പറ്റി നമുക്കെന്തറിവാണുള്ളത്! വലിയ വിപത്താണ് മരണമെന്നാണ് ഖുർആൻ പറയുന്നത്.

ശരി തന്നെ, എന്നാൽ അതിനേക്കാൾ വലിയ ആപത്ത് മരണം മറന്ന് ജീവിക്കുന്നതാണ്. 'വയസ്സ് കൂടിക്കൊണ്ടിരിക്കുമ്പോഴും രണ്ട് ആഗ്രഹങ്ങൾ മനുഷ്യനിൽ യൗവനം പ്രാപിച്ചുകൊണ്ടിരിക്കും; ധനമോഹവും ആയുർമോഹവും' (മുസ്‌ലിം). ജീവിച്ച് കൊതിതീർന്നിട്ട് പോയവരില്ല. ജീവിച്ചുകൊണ്ടിരിക്കെ, മോഹങ്ങൾ പൂത്തുലഞ്ഞുനിൽക്കെ വിടപറയുകയാണ്. ഉരുൾപൊട്ടി, വിമാനം തകർന്ന്, വിഷം തീണ്ടി, ഹൃദയം നിലച്ച്, സ്വാഭാവിക മരണം വരിച്ച് അങ്ങനെയങ്ങനെ.... തിരക്കിട്ട് ചെയ്തുകൂട്ടാൻ ഒരുങ്ങിയ എന്തെല്ലാം ബാക്കിവെച്ചാണ് നിനച്ചിരിക്കാതെ നമ്മൾ പടിയിറങ്ങുന്നത്! അതുകൊണ്ട് മരണത്തിന്റെ ഓർമകൾ എപ്പോഴുമുണ്ടായിരിക്കണം. 'എല്ലാ രസങ്ങളും പൊട്ടിച്ചുകളയുന്ന മരണത്തെ നിരന്തരം ഓർത്തുകൊണ്ടിരിക്കുക' (തിർമിദി). ശേഷക്കാരെ ഉപദേശിക്കേണ്ട വല്ലതുമുള്ളവർ വസ്വിയ്യത്ത് എഴുതിവെക്കാതെ രണ്ടു രാവുകൾ പോലും ഉറങ്ങരുതെന്ന് പ്രവാചകൻ(സ) പഠിപ്പിക്കുന്നു. ജീവിതത്തിൽ പുലർത്തേണ്ട സൂക്ഷ്മതക്കൊപ്പം അതിന്റെ അനിശ്ചിതത്വം കൂടിയാണ് നബി തിരുമേനി ഇതിലൂടെ നമ്മെ ഓർമിപ്പിക്കുന്നത്.

ജീവൻ തന്നവനാണ് മരണവും തരുന്നത്. പരലോക വിഭവങ്ങൾ തേടിയുള്ളതാവണം ജീവിതയാത്ര. പുഷ്കലസമൃദ്ധമായ ആനന്ദങ്ങളുടെ പെരുമഴക്കാലമായി ജീവിതം മാറിയാലും ആയുസ്സിന്റെ കുറ്റിയിൽ ബന്ധിച്ച ചരടിന്റെ നീളം മാത്രമേ നമുക്കോടാനാവൂ. അപ്പോൾ ഈയിത്തിരി നേരം കൊണ്ട് പരലോകത്തേക്ക് വേണ്ടത് നേടാനായാൽ ജീവിതം ഭാസുരമായി. ദൈവം എല്ലാം മാപ്പാക്കുമെന്നും പുണ്യാത്മാക്കൾ കൈപിടിച്ചുകൊണ്ടുപോകുമെന്നും ദിവാസ്വപ്നം കണ്ടതുകൊണ്ടൊന്നും രക്ഷയില്ല. ഹസൻ ബസ്വരി പറയട്ടെ: ''ചിലരുണ്ട്, അവരുടെ ദൈവങ്ങൾ തന്നെ പരലോക നേട്ടങ്ങളെക്കുറിച്ച വ്യാമോഹങ്ങളാണ്. എന്നിട്ട് ദുൻയാവിൽ നിന്നും ഇറങ്ങേണ്ടിവരുമ്പോൾ കൂടെക്കൂട്ടാൻ ഒരു നന്മ പോലും അവർക്കുണ്ടാവില്ല. അത്തരക്കാർ പറയും; ഞാൻ എന്റെ നാഥനെപ്പറ്റി സദ്‌വിചാരമുള്ളവനാകുന്നു. പെരുങ്കള്ളം, സദ്‌വിചാരമുണ്ടായിരുന്നെങ്കിൽ അവൻ സൽക്കർമങ്ങൾ ചെയ്യുമായിരുന്നില്ലേ! എന്നിട്ട് അദ്ദേഹമോതി: 'അതായിരുന്നു നിങ്ങളുടെ നാഥനെപ്പറ്റി നിങ്ങളുടെ വിചാരം. അതു നിങ്ങളെ നശിപ്പിച്ചിരിക്കുന്നു. അങ്ങനെ നിങ്ങൾ എല്ലാം നഷ്ടപ്പെട്ടവരിൽ പെട്ടുപോയി' (*ഫുസ്സ്വിലത്ത്*: 23).

ശിർക്കിന്റെ മാലിന്യം തൊടാത്ത, തൗഹീദിൽ അരക്കിട്ടുറപ്പിച്ച, വിശ്വാസവും മരണസ്മരണയും പരലോക വിചാരണയും മേൽക്കോയ്മ നേടിയ ജീവിതമുണ്ടെങ്കിൽ അവനെ കാത്തിരിക്കാൻ അല്ലാഹുവുണ്ട്. ''ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പ്രഖ്യാപിക്കുകയും പിന്നെ അതിലടിയുറച്ചുനിൽക്കുകയും ചെയ്തവരുടെ അടുത്ത് തീർച്ചയായും മലക്കുകൾ ഇറങ്ങിവന്ന് ഇങ്ങനെ പറയും: നിങ്ങൾ ഭയപ്പെടേണ്ട. ദുഃഖിക്കേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്ത സ്വർഗത്തെയോർത്ത് സന്തുഷ്ടരാവുക. ഈ ലോകത്തും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. നിങ്ങൾക്കവിടെ നിങ്ങളുടെ മനം കൊതിക്കുന്നതൊക്കെ കിട്ടും. നിങ്ങളാവശ്യപ്പെടുന്ന എന്തും നിങ്ങൾക്ക് അവിടെ ലഭിക്കും. ഏറെ പൊറുക്കുന്നവനും പരമദയാലുവുമായവന്റെ സൽക്കാരമാണത്' (*ഫുസ്സ്വിലത്ത്:* 30-32).

നിമിഷംപ്രതി ശോഷിച്ചുകൊണ്ടിരിക്കുന്ന മനുഷ്യജീവിതത്തിന്റെ ആകത്തുകയെപ്പറ്റി അബുദ്ദർദാഅ് പറയുന്നതാണ് സത്യം: ''മനുഷ്യപുത്രാ, നിന്റെ പാദം കൊണ്ട് ഭൂമിയെ ചവിട്ടിയരച്ചുകൊള്ളുക. ഒരു മാത്ര കഴിഞ്ഞാൽ നിന്റെ ശവക്കുഴിയാണത്. മനുഷ്യപുത്രാ, നീയെന്നാൽ ഏതാനും ദിവസങ്ങൾ മാത്രം. ഓരോ ദിവസം തീരുമ്പോഴും നിന്റെ ഒരു ഭാഗവും ഇല്ലാതാവുന്നു. മനുഷ്യപുത്രാ, നിനക്ക് ഉമ്മ ജന്മം നൽകിയ അന്നുതൊട്ട് നീ നിന്റെ ആയുസ്സ് തകർത്തുകൊണ്ടിരിക്കുകയാണ്.'' ജീവിതം മാത്രമല്ല, കർമം ചെയ്യാനുള്ള അവസരം കൂടിയാണ് മരണത്തോടെ ഇല്ലാതാവുന്നത്. ●

+91 97474 56118